# PROVISIONAL ANSWER KEY

| | |
|---|---|
| Question Paper Code: | 166/2026/OL |
| Category Code: | 194/2025 |
| Exam: | BeeKeeping Fieldman |
| Date of Test | 15-10-2026 |
| Department | Kerala Khadi And Village Industries Board |
| Language: | Malayalam |

Question1:-ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രൂപംകൊണ്ട ''ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമി'' എന്ന പ്രസ്ഥാനത്തിൻറെ സ്ഥാപകൻ

A:-സുഭാഷ് ചന്ദ്രബോസ്

B:-സൂര്യസെൻ

C:-എൻ.എം. ജോഷി

D:-ബരീന്ദർ കുമാർ ഘോഷ്

Correct Answer:- Option-B

Question2:-കേരളത്തിൽ നടന്ന സ്വാതന്ത്ര്യ സമരത്തിൻറെ ഭാഗമായി ഉയർന്നു കേട്ട ഗാനമാണ് "വരിക വരിക സഹജരെ, സഹന സമര സമയമായ്''. ഏത് സമരത്തിൻറേതാണ്?

A:-സ്വദേശി സമരം

B:-ക്വിറ്റ് ഇന്ത്യാസമരം

C:-ഐക്യകേരള സമരം

D:-ഉപ്പ് സത്യാഗ്രഹം

Correct Answer:- Option-D

Question3:-തെക്കേ അമേരിക്കയിലെ "ജോർജ് വാഷിംഗ്ടൺ" എന്നറിയപ്പെട്ടിരുന്ന ഭരണാധികാരി

A:-തോമസ് ജെഫേഴ്സൺ

B:-ഫ്രാൻസിസ്കോ മിരാൻഡ്

C:-സൈമൺ ബോളിവർ

D:-ജോസെ ഡി സാൻ മാർട്ടിൻ

Correct Answer:- Option-C

Question4:-ദേശീയ സമരകാലത്ത് 'വോയ്സ് ഓഫ് ഇന്ത്യ' എന്ന പത്രം പ്രസിദ്ധീകരിച്ച സ്വാതന്ത്ര്യ സമര നേതാവ്

A:-സുരേന്ദ്രനാഥ് ബാനർജി

B:-ദാദാബായ് നവറോജി

C:-ലാലാലജ്പത് റായ്

D:-ബാലഗംഗാധര തിലക്

Correct Answer:- Option-B

Question5:-കീഴരിയൂർ ബോംബ് കേസ് ഏത് സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടതാണ്?

A:-ക്വിറ്റ് ഇന്ത്യ

B:-ഉപ്പ് സത്യാഗ്രഹം

C:-നിസ്സഹകരണ പ്രസ്ഥാനം

D:-നിയമ ലംഘന പ്രസ്ഥാനം

Correct Answer:- Option-A

Question6:-'ഫിസിയോക്രാറ്റുകൾ' എന്ന സാമ്പത്തിക വിദഗ്ധർ ഏത് വിപ്ലവവുമായി ബന്ധപ്പെട്ടതാണ്?

A:-അമേരിക്കൻ വിപ്ലവം

B:-ചൈനീസ് വിപ്ലവം

C:-ഫ്രഞ്ച് വിപ്ലവം

D:-റഷ്യൻ വിപ്ലവം

Correct Answer:- Option-C

Question7:-''ഇന്ത്യ വിൻസ് ഫ്രീഡം'' ആരുടെ രചനയാണ്?

A:-മൗലാനാ അബ്ദുൾ കലാം ആസാദ്

B:-ആനി ബസന്റ്

C:-ജവഹർലാൽ നെഹ്റു

D:-സരോജിനി നായിഡു

Correct Answer:- Option-A

Question8:-ചുവടെ തന്നിട്ടുള്ളവയെ കാലഗണനാ ക്രമത്തിലാക്കുക
(i) ക്ഷേത്രപ്രവേശന വിളംബരം
(ii) ചാന്നാർ ലഹള

(iii) അരുവിപ്പുറം പ്രതിഷ്ഠ
(iv) ഗുരുവായൂർ സത്യാഗ്രഹം

A:-(iii), (ii), (i), (iv)

B:-(ii), (iii), (iv), (i)

C:-(i), (ii), (iii), (iv)

D:-(i), (iii), (iv), (ii)

Correct Answer:- Option-B

Question9:-''പുരുഷന് യുദ്ധം സ്ത്രീക്ക് മാതൃത്വം എന്നതുപോലെയാണ്'' ഇത് ആരുടെ വാക്കുകൾ ആണ്?

A:-അഡോൾഫ് ഹിറ്റ്ലർ

B:-ലൂയി പതിനാറാമൻ

C:-ബെനിറ്റോ മുസ്സോളിനി

D:-നെപ്പോളിയൻ

Correct Answer:- Option-C

Question10:-തിരുകൊച്ചിയിൽ വൈദ്യുതി വിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ച ദിവാൻ ആര്?

A:-രാജാ കേശവദാസ്

B:-സർ സി.പി. രാമസ്വാമി അയ്യർ

C:-ആർ.കെ. ഷൺമുഖം ചെട്ടി

D:-ടി. മാധവറാവു

Correct Answer:- Option-C

Question11:-ഉത്തരപർവ്വതമേഖലയെക്കുറിച്ച് താഴെ പറയുന്നതിൽ തെറ്റായ പ്രസ്താവന ഏതാണ്?
(i) പ്രായം കുറഞ്ഞതും ഉയരമേറിയതുമാണ് ഈ പർവ്വത നിരകൾ
(ii) സിലാപാളികൾക്ക് ഭ്രംശനം സംഭവിച്ച് രൂപപ്പെട്ട മടക്കുപർവ്വതങ്ങളാണ്
(iii) പടിഞ്ഞാറ് സിന്ധു നദി മുതൽ കിഴക്ക് ബ്രഹ്മപുത്ര നദി വരെ വ്യാപിച്ചു കിടക്കുന്നു
(iv) ഉയരമേറിയ കൊടുമുടികളും, ഹിമാനികളും, താഴ്വരകളും കാണപ്പെടുന്നു

A:-(i)

B:-(ii)

C:-(iii)

D:-(iv)

Correct Answer:- Option-B

Question12:-ഭൂപ്രകൃതി സവിശേഷതകളുടെ അടിസ്ഥാനത്തിൽ ഉത്തരേന്ത്യൻ സമതലത്തെ വടക്കുനിന്നും തെക്കോട്ട് മൂന്ന് പ്രധാന മേഖലകളായി തിരിച്ചിരിക്കുന്നു. അവ ഏതെല്ലാം?

A:-ഭാബർ, ടെറായ്, എക്കൽ സമതലങ്ങൾ

B:-ഭാബർ, ഭംഗർ, ടെറായ്

C:-ഭാബർ, ഭംഗർ, എക്കൽ സമതലങ്ങൾ

D:-ഭംഗർ, ടെറായ്, എക്കൽ സമതലങ്ങൾ

Correct Answer:- Option-A

Question13:-ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടി ഏതാണ്?

A:-കാഞ്ചൻജംഗ

B:-ദോഡബെട്ട

C:-മഹേന്ദ്രഗിരി

D:-ആനമുടി

Correct Answer:- Option-D

Question14:-ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ വകുപ്പിൻറെ (IMD) ആസ്ഥാനം എവിടെ?

A:-മുംബൈ

B:-ഡൽഹി

C:-കൊൽക്കത്ത

D:-ചെന്നൈ

Correct Answer:- Option-B

Question15:-ചേരുംപടി ചേർക്കുക

| | A | | B |
|---|---|---|---|
| (i) | അന്തരീക്ഷമർദ്ദം | (1) | ഹൈഗ്രോമീറ്റർ |
| (ii) | അന്തരീക്ഷ ആർദ്രത | (2) | വിൻഡ് വെയ്ൻ |
| (iii) | കാറ്റിൻറെ വേഗത | (3) | ബാരോമീറ്റർ |
| (iv) | കാറ്റിൻറെ ദിശ | (4) | അനിമോമീറ്റർ |

A:-(i)-(3) (ii)-(4) (iii)-(1) (iv)-(2)

B:-(i)-(1) (ii)-(3) (iii)-(4) (iv)-(2)

C:-(i)-(3) (ii)-(2) (iii)-(4) (iv)-(1)

D:-(i)-(3) (ii)-(1) (iii)-(4) (iv)-(2)

Correct Answer:- Option-D

Question16:-താഴെ പറയുന്ന പ്രസ്താവനകളിൽ ശരി ഏത്?
(i) മഹാനദി റായ്പൂരിലെ സിഹാവയിൽ നിന്ന് ഉത്ഭവിക്കുന്നു
(ii) ഗോദാവരിയുടെ പോഷകനദിയാണ് ശബരി, ഇന്ദ്രാവതി
(iii) കാവേരി മഹാരാഷ്ട്രയിലെ മഹാബലേശ്വരിൽ നിന്ന് ഉത്ഭവിക്കുന്നു
(iv) കൃഷ്ണയുടെ പോഷകനദികളാണ് കബനി, ഭവാനി

A:-(i), (iii)

B:-(iii), (iv)

C:-(i), (ii)

D:-(ii), (iv)

Correct Answer:- Option-C

Question17:-ഇന്ത്യയിലെ നൈസർഗിക സസ്യജാലങ്ങളിൽ ഉൾപ്പെടുന്നത് താഴെ പറയുന്നതിൽ ഏതെല്ലാമാണ്?
(i) ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ
(ii) ഇലപൊഴിയും കാടുകൾ
(iii) മുൾച്ചെടികളും, കുറ്റിക്കാടുകളും
(iv) കണ്ടൽ വനങ്ങൾ
(v) പർവ്വതവനങ്ങൾ

A:-(i), (ii), (iii)

B:-(i), (iii), (v)

C:-(iii), (iv), (v)

D:-ഇവയെല്ലാം

Correct Answer:- Option-D

Question18:-തോതിൻറെ അടിസ്ഥാനത്തിൽ ഭൂപടങ്ങളെ വലിയ തോത് ഭൂപടങ്ങൾ എന്നും, ചെറിയ തോത് ഭൂപടങ്ങളെന്നും വർഗ്ഗീകരിച്ചിരിക്കുന്നു. ചുവടെ തന്നിരിക്കുന്ന പ്രസ്താവനകളിൽ ചെറിയ തോത് ഭൂപടങ്ങളുടെ സവിശേഷതകൾ എന്തെല്ലാം?
(i) ഒരു ചെറിയ പ്രദേശത്തെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ ചിത്രീകരിക്കുന്നു
(ii) ധരാതലീയ ഭൂപടം , വില്ലേജ് ഭൂപടം
(iii) ലോക ഭൂപടം, ഇന്ത്യാഭൂപടം
(iv) ഒരു പ്രദേശത്തെ സംബന്ധിച്ച കേവല വിവരങ്ങൾ മാത്രം ചിത്രീകരിക്കുന്നു

A:-(iii), (iv)

B:-(i), (iii)

C:-(i), (iv)

D:-(ii), (iii)

Correct Answer:- Option-A

Question19:-താഴെ പറയുന്നവയിൽ വസന്തകാലത്തിൻറെ പ്രത്യേകത ഏതാണ്?

A:-പകലിൻറെ ദൈർഘ്യം ക്രമേണ കൂടി വരുന്നു

B:-ഉയർന്ന അന്തരീക്ഷ താപനില

C:-പകലിൻറെ ദൈർഘ്യം ക്രമേണ കുറഞ്ഞു വരുന്നു

D:-ദൈർഘ്യമേറിയ രാത്രികൾ

Correct Answer:- Option-A

Question20:-വിശ്വേശ്വരയ്യ ഇൻഡസ്ട്രിയൽ ആൻറ് ടെക്നോളജിക്കൽ മ്യൂസിയം സ്ഥിതിചെയ്യുന്നതെവിടെ?

A:-തിരുവനന്തപുരം

B:-ബംഗളൂരു

C:-കൽക്കത്ത

D:-ഒഡീഷ

Correct Answer:- Option-B

Question21:-ചേരുംപടി ചേർക്കുക

| A-ബാങ്കുകൾ | B-സവിശേഷതകൾ |
|---|---|
| (i) എക്സിം ബാങ്ക് ഓഫ് ഇന്ത്യ | (1) സാധാരണക്കാർക്ക് ലഘുവായ വായ്പയുൾപ്പെടെ വിവിധ തരത്തിലുള്ള സാമ്പത്തിക സേവനങ്ങൾ നൽകുക എന്നതാണ് ലക്ഷ്യം |
| (ii) ഇന്ത്യൻ ചെറുകിട വ്യവസായ വികസന ബാങ്ക് | (2) ഗ്രാമീണ വ്യവസായത്തെ ഉണർത്തുകയാണ് ലക്ഷ്യം |
| (iii) നബാർഡ് | (3) ഗ്രാമീണ വികസനത്തിനും കാർഷിക വികസനത്തിനുമായി പ്രവർത്തിക്കുന്ന ഇന്ത്യയുടെ പരമോന്നത ബാങ്ക് |
| (iv) മൈക്രോ ഫിനാൻസ് | (4) ഉൽപ്പന്നങ്ങൾ കയറ്റി അയക്കുന്നതിനും ഇറക്കുമതി ചെയ്യുന്നതിനും വായ്പ നൽകുന്നു |

A:-(i)-(2), (ii)-(4), (iii)-(3), (iv)-(1)

B:-(i)-(4), (ii)-(2), (iii)-(3), (iv)-(1)

C:-(i)-(4), (ii)-(2), (iii)-(1), (iv)-(3)

D:-(i)-(2), (ii)-(4), (iii)-(1), (iv)-(3)

Correct Answer:- Option-B

Question22:-താഴെ തന്നിരിക്കുന്നതിൽ തെറ്റായ ജോഡി ഏത്?

A:-സമ്പാദ്യ നിക്ഷേപം : വ്യക്തികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും ആവശ്യങ്ങൾക്കനുസരിച്ച് പണം പിൻവലിക്കുന്നതിനും കഴിയുന്ന നിക്ഷേപം

B:-കറണ്ട് നിക്ഷേപം : ബിസിനസ് ഇടപാടുകളെ ലക്ഷ്യം വെച്ചിട്ടുള്ള അക്കൗണ്ടാണിത്

C:-ആവർത്തിത നിക്ഷേപങ്ങൾ : ബാങ്കുകൾ പലിശ നൽകാറില്ല

D:-സ്ഥിര നിക്ഷേപ അക്കൗണ്ട് : പെട്ടെന്ന് തിരിച്ചെടുക്കേണ്ടതില്ലാത്ത പണം നിക്ഷേപിക്കുന്ന അക്കൗണ്ട്

Correct Answer:- Option-C

Question23:-ഇന്ത്യൻ ആസൂത്രണത്തിൻറെ നാൾ വഴികൾ - ശരിയായ കാലഗണനാക്രമത്തിലാക്കുക

A:-
ദശവർഷ പദ്ധതി → ദേശീയ ആസൂത്രണ കമ്മിറ്റി → ബോംബെ പ്ലാൻ → പീപ്പിൾ പ്ലാൻ → ആസൂത്രണ കമ്മീഷൻ

B:-ദശവർഷ പദ്ധതി → ആസൂത്രണ കമ്മീഷൻ → പീപ്പിൾ പ്ലാൻ → ബോംബെ പ്ലാൻ → ദേശീയ ആസൂത്രണ കമ്മിറ്റി

C:-ദേശീയ ആസൂത്രണ കമ്മിറ്റി → ആസൂത്രണ കമ്മീഷൻ → പീപ്പിൾ പ്ലാൻ → ബോംബെ പ്ലാൻ → ദശവർഷ പദ്ധതി

D:-ആസൂത്രണ കമ്മീഷൻ → ദശവർഷ പദ്ധതി → പീപ്പിൾ പ്ലാൻ → ദേശീയ ആസൂത്രണ കമ്മിറ്റി → ബോംബെ പ്ലാൻ

Correct Answer:- Option-A

Question24:-
ഇന്ത്യയിൽ ആസൂത്രണ കമ്മീഷന് പകരമായി നീതി ആയോഗ് നിലവിൽ വന്നത് എന്നാണ്?

A:-2014 ജനവരി 1 ന്

B:-2015 ഏപ്രിൽ 1 ന്

C:-2014 ഏപ്രിൽ 1 ന്

D:-2015 ജനവരി 1 ന്

Correct Answer:- Option-D

Question25:-സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസും (CSO) നാഷണൽ സാമ്പിൾ സർവ്വേ ഓഫീസും (NSSO) ചേർന്ന് 2019-ൽ രൂപീകൃതമായ സ്ഥാപനം ഏതാണ്?

A:-നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO)

B:-ഇന്ത്യൻ ആസൂത്രണ കമ്മീഷൻ. (PCI)

C:-നീതി ആയോഗ്

D:-ഇതൊന്നുമല്ല

Correct Answer:- Option-A

Question26:-താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്ന് വ്യക്തിയെ തിരിച്ചറിയുക

- അനേകായിരങ്ങളെ പട്ടിണിയിൽ നിന്ന് രക്ഷിച്ചു
- ഹരിത വിപ്ലവത്തിൻറെ പിതാവ്
- 1914 മാർച്ച് 25 ന് അമേരിക്കയിൽ ജനനം

A:-ഡോ. എം.എസ്. സ്വാമിനാഥൻ

B:-നോർമൻ ഇ ബോർലോഗ്

C:-വർഗീസ് കുര്യൻ

D:-മസനോബു ഫുകുവോക്ക

Correct Answer:- Option-B

Question27:-നീതി ആയോഗിൻറെ (NITI Aayog) നിലവിലെ സി.ഇ.ഒ.

A:-റാവു ഇന്ദർജിത് സിംഗ്

B:-രാജീവ് ഗൗബ

C:-അനുരാഗ് ജെയിൻ

D:-അശോക് കുമാർ ലാഹിരി

Correct Answer:- Option-C

Question28:-രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥയെയും ആഗോള സമ്പദ്‌വ്യവസ്ഥയെയും സംയോജിപ്പിക്കുന്നതിനുള്ള നയം എന്താണ്?

A:-ഉദാരവൽക്കരണം

B:-സ്വകാര്യവൽക്കരണം

C:-ആഗോളവൽക്കരണം

D:-പ്രൊട്ടക്ഷനിസം

Correct Answer:- Option-C

Question29:-ഇന്ത്യയിലെ പ്രധാന വിളവെടുപ്പ് കാലങ്ങളായ ഖാരിഫ്, റാബി, സൈദ് എന്നിവയെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?

A:-ഖാരിഫ് വിളകൾ ശീതകാലത്താണ് വിതയ്ക്കുന്നത്

B:-റാബി വിളകൾ തെക്കുപടിഞ്ഞാറൻ മൺസൂൺ ആരംഭത്തിൽ വിതയ്ക്കുന്നു

C:-ഗോതമ്പ്, കടുക് എന്നിവ പ്രധാനപ്പെട്ട ഖാരിഫ് വിളകളാണ്

D:-സൈദ് വിളകൾ വേനലിൻറെ ആരംഭത്തിൽ വിളയിറക്കുന്നു.

Correct Answer:- Option-D

Question30:-താഴെ തന്നിരിക്കുന്നതിൽ ഇരുമ്പിൻറെ അയിര് മാത്രമുള്ള ജോഡി കണ്ടെത്തുക.

A:-ഇരുമ്പ് : ലിഗ്നൈറ്റ്, ലിമൊണൈറ്റ്, സിഡറൈറ്റ്, ബോക്സൈറ്റ്

B:-ഇരുമ്പ് : ഹെമറ്റൈറ്റ്, മാഗ്നറ്റൈറ്റ്, ലിമൊണൈറ്റ്, സിഡറൈറ്റ്

C:-ഇരുമ്പ് : ലിഗ്നൈറ്റ്, ഹെമറ്റൈറ്റ്, സിഡറൈറ്റ്, ബോക്സൈറ്റ്

D:-ഇരുമ്പ് : ലിഗ്നൈറ്റ്, ഹെമറ്റൈറ്റ്, സിഡറൈറ്റ്, ഇൽമനൈറ്റ്

Correct Answer:- Option-B

Question31:-ലോകത്തിലെ ഏറ്റവും വലിയ ഇരുമ്പ് ഖനിയായ കാരജാസ് ഖനി സ്ഥിതിചെയ്യുന്ന രാജ്യം

A:-മലേഷ്യ

B:-റഷ്യ

C:-ബ്രസീൽ

D:-ഓസ്ട്രേലിയ

Correct Answer:- Option-C

Question32:-മഹാനദി ഡെൽറ്റ മുതൽ കൃഷ്ണ  ഡെൽറ്റ വരെ വ്യാപിച്ചിരിക്കുന്ന തീരസമതല ഭാഗം

A:-കോറമാൻറൽ തീരം

B:-മലബാർ തീരം

C:-വടക്കൻ സിർക്കാർ തീരം

D:-കൊങ്കൺ തീരം

Correct Answer:- Option-C

Question33:-ലൂണി നദിയുമായി ബന്ധപ്പെട്ടവ കണ്ടെത്തുക
(i) അജ്മീറിനടുത്ത് അരാവലി പർവ്വതനിരയിൽ നിന്ന് ഉത്ഭവിക്കുന്നു
(ii) റാൻ ഓഫ് കച്ചിൽ ഒഴുകിത്തീരുന്നു
(iii) ലിൽറി, സുക്രി എന്നിവ പോഷക നദികളാണ്

A:-(i) മാത്രം ശരിയാണ്

B:-(i), (ii) ശരിയാണ്

C:-(ii), (iii) ശരിയാണ്

D:-(i), (ii), (iii) ശരിയാണ്

Correct Answer:- Option-D

Question34:-ഭരണഘടനയുടെ അനുച്ഛേദം 19-ൽ പരാമർശിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ ഉൾപ്പെടാത്തതേത്?

A:-അഭിപ്രായ പ്രകടനത്തിലും ആവിഷ്കാരത്തിനുമുള്ള സ്വാതന്ത്ര്യം

B:-സംഘടനകൾ രൂപീകരിക്കാനുള്ളത്

C:-ഇന്ത്യയിലെവിടെയും സ്ഥിരമായി താമസിക്കാനുള്ളത്

D:-ന്യൂനപക്ഷവിഭാഗങ്ങളുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കാനുള്ളത്

Correct Answer:- Option-D

Question35:-ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവും എന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിക്കുന്ന മൗലികാവകാശമേത്?

A:-ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം

B:-സമത്വത്തിനുള്ള അവകാശം

C:-സ്വാതന്ത്ര്യത്തിനുള്ള അവകാശം

D:-സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ

Correct Answer:- Option-A

Question36:-''ഓരോരുത്തരും ഓർക്കേണ്ടത് ഞാനൊരു ഇന്ത്യാക്കാരനായിരിക്കുമ്പോൾ തന്നെ എനിക്ക് എല്ലാ അവകാശങ്ങളോടൊപ്പം നിയതമായ ചുമതലകളും ഉണ്ടെന്നാണ്.'' - ഇത് ആരുടെ വാക്കുകൾ?

A:-സർദാർ വല്ലഭായ് പട്ടേൽ

B:-ഡോ. ബി.ആർ. അംബേദ്കർ

C:-ഡോ. രാജേന്ദ്ര പ്രസാദ്

D:-ജവഹർലാൽ നെഹ്റു

Correct Answer:- Option-A

Question37:-വിദ്യാഭ്യാസ അവകാശ നിയമം പാർലമെൻറ് അംഗീകരിച്ച വർഷം

A:-2002

B:-2010

C:-2009

D:-2005

Correct Answer:- Option-C

Question38:-ഭരണഘടനയുടെ ഭാഗം IV-ൽ നിർദ്ദേശകതത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്

A:-അനുച്ഛേദം 25 മുതൽ 28 വരെ

B:-അനുച്ഛേദം 36 മുതൽ 51 വരെ

C:-അനുച്ഛേദം 29 മുതൽ 30 വരെ

D:-അനുച്ഛേദം 14 മുതൽ 18 വരെ

Correct Answer:- Option-B

Question39:-അന്യായമായി തടങ്കലിൽ വച്ചിട്ടുള്ള ഒരാളെ കോടതിക്ക് മുൻപാകെ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ്

A:-മാൻഡമസ്

B:-പ്രൊഹിബിഷൻ

C:-ഹേബിയസ് കോർപ്പസ്

D:-ക്വോവാറൻറോ

Correct Answer:- Option-C

Question40:-ഇന്ത്യയിൽ ഭരണഘടനാദിനം ആചരിക്കുന്നത്

A:-ജനുവരി 26

B:-നവംബർ 26

C:-ആഗസ്റ്റ് 15

D:-ജനുവരി 25

Correct Answer:- Option-B

Question41:-രക്തം കട്ടപിടിക്കുന്നതിന് സഹായിക്കുന്ന പ്രധാന വിറ്റാമിൻ ഏതാണ്?

A:-വിറ്റാമിൻ K

B:-വിറ്റാമിൻ B12

C:-വിറ്റാമിൻ C

D:-വിറ്റാമിൻ E

Correct Answer:- Option-A

Question42:-മനുഷ്യശരീരത്തിലെ താപനില ക്രമീകരിക്കുന്ന മസ്തിഷ്ക ഭാഗം ഏതാണ്?

A:-സെറിബെല്ലം

B:-ഹൈപ്പോതലാമസ്

C:-മെഡുല്ല ഒബ്ലാംഗേറ്റ

D:-തലാമസ്

Correct Answer:- Option-B

Question43:-മനുഷ്യശരീരത്തിലെ ചുവന്ന രക്താണുക്കളുടെ ശരാശരി ആയുസ്സ് എത്ര ദിവസമാണ്?

A:-100

B:-120

C:-110

D:-72

Correct Answer:- Option-B

Question44:-മനുഷ്യഹൃദയത്തിലെ പേസ്മേക്കർ എന്നറിയപ്പെടുന്നത് ഏതാണ്?

A:-AV നോഡ്

B:-SA  നോഡ്

C:-ബണ്ടിൽ ഓഫ് ഹിസ്

D:-പർക്കിൻജി ഫൈബറുകൾ

Correct Answer:- Option-B

Question45:-മനുഷ്യരിൽ ഏറ്റവും മാരകമായ മലമ്പനിക്ക് കാരണമാകുന്ന പ്ലാസ്മോഡിയം ഇനം ഏതാണ്?

A:-പ്ലാസ്മോഡിയം വൈവാക്സ്

B:-പ്ലാസ്മോഡിയം ഫാൽസിപാരം

C:-പ്ലാസ്മോഡിയം മലേറിയ

D:-പ്ലാസ്മോഡിയം ഒവേൽ

Correct Answer:- Option-B

Question46:-ടൈഫോയ്ഡ് രോഗനിർണ്ണയത്തിനായി നടത്തുന്ന പ്രമുഖ രക്തപരിശോധന ഏതാണ്?

A:-എലിസ ടെസ്റ്റ്

B:-വിദാൽ ടെസ്റ്റ്

C:-വെസ്റ്റേൺ ബ്ലോട്ട് ടെസ്റ്റ്

D:-മാൻറോക്സ് ടെസ്റ്റ്

Correct Answer:- Option-B

Question47:-വിരബാധ മൂലമുണ്ടാകുന്ന ഫൈലേറിയാസിസ് (മന്ത്) രോഗകാരിയായ പരാദവിര ഏതാണ്?

A:-വുച്ചറെറിയ ബാങ്ക്രോഫ്റ്റി

B:-അസ്കാരിസ് ലംബ്രിക്കോയ്ഡ്സ്

C:-എൻററോബിയസ് വെർമിക്കുലാരിസ്

D:-എൻറമീബ ഹിസ്റ്റോലിറ്റിക്ക

Correct Answer:- Option-A

Question48:-'കാലാ അസാർ' (Kala-azar) എന്ന രോഗത്തിന് കാരണമാകുന്ന പ്രോട്ടോസോവ ഏതാണ്?

A:-ലീഷ്മാനിയ ഡോണോവാനി

B:-ട്രിപ്പനോസോമ ബ്രൂസി

C:-ബാബേഷ്യ

D:-ടോക്സോപ്ലാസ്മ

Correct Answer:- Option-A

Question49:-ശരീരത്തിൻറെ സന്തുലനാവസ്ഥ (Balance) പാലിക്കാൻ സഹായിക്കുന്ന മസ്തിഷ്ക ഭാഗം ഏതാണ്?

A:-സെറിബ്രം

B:-സെറിബെല്ലം

C:-മെഡുല്ല ഒബ്ലാംഗേറ്റ

D:-തലാമസ്

Correct Answer:- Option-B

Question50:-മുതിർന്നവരിൽ വിറ്റാമിൻ ഡിയുടെയും കാൽസ്യത്തിൻറെയും അപര്യാപ്തത മൂലം അസ്ഥികൾ ബലഹീനമാകുകയും എളുപ്പത്തിൽ ഒടിയുകയും ചെയ്യുന്ന രോഗാവസ്ഥ ഏതാണ്?

A:-ഓസ്റ്റിയോ മലേഷ്യ

B:-റിക്കറ്റ്സ്

C:-സ്പോണ്ടിലൈറ്റിസ്

D:-ആർത്രൈറ്റിസ്

Correct Answer:- Option-A

Question51:-
മനുഷ്യൻറെ ആരോഗ്യം, രോഗം എന്നിവയുമായി ബന്ധപ്പെട്ട സൂക്ഷ്മാണു സമൂഹങ്ങളെപ്പറ്റി പഠിക്കാൻ യു.എസ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആരംഭിച്ച ഗവേഷണ പദ്ധതി ഏത്?

A:-ഹ്യൂമൻ ജീനോം പദ്ധതി

B:-മെറ്റാജീനോമിക്സ്

C:-ഹ്യൂമൻ മൈക്രോ ബയോം പദ്ധതി

D:-മൈക്രോ ബയോളജി

Correct Answer:- Option-C

Question52:-പ്രകൃതിയോടുള്ള സ്നേഹം കണ്ടൽക്കാടുകളുടെ സംരക്ഷണത്തിലൂടെ തെളിയിച്ച പരിസ്ഥിതി പ്രവർത്തകൻറെ ആത്മകഥയാണ് 'കണ്ടൽക്കാടുകൾക്കിടയിൽ എൻറെ ജീവിതം'. ആരുടെ ആത്മകഥ?

A:-കെ.വി. ദയാൽ

B:-സി.ആർ. നീലകണ്ഠൻ

C:-ടി.എൻ. പ്രകാശ്

D:-കല്ലേൽ പൊക്കുടൻ

Correct Answer:- Option-D

Question53:-പട്ടികയിൽ കൊടുത്തിരിക്കുന്ന വിവരങ്ങൾ വിശകലനം ചെയ്ത് ശരിയായി ജോഡി ചേർത്തത് തിരഞ്ഞെടുത്തെഴുതുക

| | കോളം A | | കോളം B |
|---|---|---|---|
| (i) | പോഷണവൈകല്യം | (1) | സിക്കിൾ സെൽ അനീമിയ |
| (ii) | ജീവിതശൈലീരോഗം | (2) | അനീമിയ |
| (iii) | തൊഴിൽജന്യരോഗം | (3) | പ്രമേഹം |
| (iv) | ജനിതക രോഗം | (4) | റുമറ്റോയ്ഡ് ആർത്രൈറ്റീസ് |
| | | (5) | സിലിക്കോസിസ് |

A:-(i)-(1), (ii)-(5), (iii)-(2), (iv)-(3)

B:-(i)-(2), (ii)-(3), (iii)-(5), (iv)-(1)

C:-(i)-(4), (ii)-(1), (iii)-(3), (iv)-(2)

D:-(i)-(2), (ii)-(4), (iii)-(3), (iv)-(5)

Correct Answer:- Option-B

Question54:-അമീബിക് മസ്തിഷ്കജ്വരം ഉണ്ടാക്കുന്ന രോഗകാരി ഏത്?

A:-പ്ലാസ്മോഡിയം

B:-എൻറമീബ ഹിസ്റ്റോലിറ്റിക

C:-നെഗ്ലേറിയ ഫൗലെറി

D:-ലെപ്റ്റോസ്പൈറ

Correct Answer:- Option-C

Question55:-താഴെ തന്നിരിക്കുന്നവയിൽ 'ദേശീയ വിരവിമുക്ത ദിന'മായി ആചരിക്കുന്നത് എന്നാണ് എന്നതിൻറെ ശരിയായ ഓപ്ഷൻ തിരഞ്ഞെടുക്കുക
(i) ആഗസ്റ്റ് 10
(ii) ഫെബ്രുവരി 10
(iii) സെപ്റ്റംബർ 29
(iv) ഒക്ടോബർ 10

A:-(i), (ii) ശരി

B:-(iii) ശരി

C:-(i), (iv) ശരി

D:-(iv) ശരി

Correct Answer:- Option-A

Question56:-പ്രകൃതിയിലുള്ള സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് പുറത്ത് സമാനമായ ആവാസവ്യവസ്ഥ സൃഷ്ടിച്ച് നിയന്ത്രിത സാഹചര്യങ്ങളിൽ സംരക്ഷിക്കുന്നതാണ് എക്സിറ്റു കൺസർവേഷൻ. ഇതിന് ഉദാഹരണമല്ലാത്തത് ഏതാണ്?

A:-ജീൻ ബാങ്കുകൾ

B:-സുവോളജിക്കൽ ഗാർഡൻ

C:-സസ്യോദ്യാനങ്ങൾ

D:-കമ്മ്യൂണിറ്റി റിസർവുകൾ

Correct Answer:- Option-D

Question57:-ഫാഗോസൈറ്റോസിസിൽ ഏർപ്പെടുന്ന വെളുത്ത രക്തകോശങ്ങൾ ഏതെല്ലാം?

A:-മോണോസൈറ്റ്, ലിംഫോസൈറ്റ്

B:-ഈസിനോഫിൽ, ന്യൂട്രോഫിൽ

C:-ബേസോഫിൽ, ന്യൂട്രോഫിൽ

D:-ന്യൂട്രോഫിൽ, മോണോസൈറ്റ്

Correct Answer:- Option-D

Question58:-പ്രസ്താവനയും കാരണവും വിശകലനം ചെയ്ത് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക
പ്രസ്താവന : ചുരുങ്ങിയത് രണ്ട് വയസ്സുവരെയെങ്കിലും കുഞ്ഞിന് മുലപ്പാൽ നൽകണം
കാരണം : അണുബാധ, വയറിളക്കം, അലർജി എന്നിവയിൽ നിന്നും സംരക്ഷിക്കുന്ന ആന്റിബോഡികൾ മുലപ്പാലിൽ അടങ്ങിയിരിക്കുന്നു

A:-പ്രസ്താവന ശരി, കാരണം തെറ്റ്

B:-പ്രസ്താവനയും കാരണവും ശരി

C:-പ്രസ്താവന തെറ്റ് കാരണം ശരി

D:-പ്രസ്താവനയും കാരണവും തെറ്റ്

Correct Answer:- Option-B

Question59:-ഓസോൺ ശോഷണത്തിന് കാരണമായ വാതകം ഏത്?

A:-ഓക്സിജൻ

B:-CFC (ക്ലോറോ ഫ്ലൂറോ കാർബൺ)

C:-കാർബൺ ഡയോക്സൈഡ്

D:-മീഥേൻ

Correct Answer:- Option-B

Question60:-18 വയസ്സ് വരെ ഉള്ള കുട്ടികളിലെ ജന്മനാ ഉള്ള ഹൃദ്രോഗം സൗജന്യമായി ഓപ്പറേഷൻ ചെയ്ത് സുഖപ്പെടുത്താനുള്ള കേരള ഗവണ്മെൻറിൻറെ പദ്ധതി

A:-ആർദ്രം

B:-ആശ്വാസം

C:-ഇ.ഹെൽത്ത്

D:-ഹൃദ്യം

Correct Answer:- Option-D

Question61:-$8^{10}$ നോട് എത്ര കൂട്ടിയാൽ $8^{11}$ കിട്ടും?

A:-8

B:-$8^{10}$

C:-$7 \times 8^{10}$

D:-$8 \times 8^{10}$

Correct Answer:- Option-C

Question62:-നാല് അഭാജ്യസംഖ്യകളുടെ ഗുണനഫലം 1190 ആണ്. അവയിൽ ഒരു സംഖ്യ ആകാവുന്നത് ഏത്?

A:-3

B:-5

C:-11

D:-13

Correct Answer:- Option-B

Question63:-40 cm നീളം, 20 cm വീതി, 10 cm ഉയരം ഉള്ള ചതുരക്കട്ട ഉരുക്കി ഒരു സമചതുരക്കട്ട ഉണ്ടാക്കിയാൽ ആ സമചതുരക്കട്ടയുടെ ഒരു വശത്തിൻറെ നീളം എത്ര?

A:-10 cm

B:-20 cm

C:-40 cm

D:-30 cm

Correct Answer:- Option-B

Question64:-$\frac{1}{64}, \frac{1}{16}, \frac{1}{4}, 1, ....$ എന്ന ശ്രേണിയുടെ 5-ാം പദം എത്ര?

A:-$\frac{1}{4}$

B:-4

C:-16

D:-$\frac{1}{16}$

Correct Answer:- Option-B

Question65:-കലണ്ടറിലെ ഏതെങ്കിലും ഒരു മാസത്തിലെ ഒരു സമചതുരത്തിൽ വരുന്ന നാല് തീയതികൾ കൂട്ടിയാൽ 96 കിട്ടുമെങ്കിൽ ആ സമചതുരത്തിലെ ഏറ്റവും വലിയ തീയതി ഏത്?

A:-27

B:-20

C:-28

D:-29

Correct Answer:- Option-C

Question66:-2020 ജൂലായ് 20 തിങ്കളാഴ്ച ആണ്. എങ്കിൽ 2020 ഏപ്രിൽ 20 ഏത് ദിവസം ആയിരിക്കും?

A:-ഞായർ

B:-തിങ്കൾ

C:-ചൊവ്വ

D:-ബുധൻ

Correct Answer:- Option-B

Question67:-ശ്രേണി പൂർത്തിയാക്കുക
R2B, T4E, V7H, X11K, __________

A:-Z16M

B:-Z17N

C:-Z16N

D:-Z16L

Correct Answer:- Option-C

Question68:-വിജയ് വീട്ടിൽ നിന്ന് 3 km വടക്കോട്ട് സഞ്ചരിച്ചശേഷം കിഴക്കോട്ട് തിരിഞ്ഞ് 5 km സഞ്ചരിച്ചു. അവിടെ നിന്ന് വടക്കോട്ട് തിരിഞ്ഞ് 2 km സഞ്ചരിച്ചശേഷം വീണ്ടും കിഴക്കോട്ട് തിരിഞ്ഞ് 7 km സഞ്ചരിച്ച് കടയിലെത്തി. വിജയിൻറെ വീടും കടയും തമ്മിലുള്ള അകലം എത്ര?

A:-13 km

B:-17 km

C:-12 km

D:-10 km

Correct Answer:- Option-A

Question69:-ഒരു കോഡ് ഭാഷയിൽ 'HIBISCUS' എന്നതിനെ 'KJKDEUUW' എന്ന് എഴുതിയാൽ 'MARIGOLD' നെ എങ്ങനെ എഴുതാം?

A:-CNKTPJNF

B:-COTKPGNF

C:-COKTIQNF

D:-COKTQIFN

Correct Answer:- Option-D

Question70:-'+' എന്ന ചിഹ്നം ഹരണത്തെയും '—' എന്ന ചിഹ്നം ഗുണനത്തെയും '×' എന്ന ചിഹ്നം വ്യവകലനത്തെയും '÷' എന്ന ചിഹ്നം സങ്കലനത്തെയും സൂചിപ്പിക്കുന്നു എങ്കിൽ
12 + 3 ÷ 5 — 4 × 4 + 2 ÷7 — 2 ൻറെ വില എത്രയാണ്?

A:-38

B:-34

C:-36

D:-40

Correct Answer:- Option-C

Question71:-താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ പദമേത്?

A:-ആദരാഞ്ജലി

B:-ആദരാജ്ഞലി

C:-ആധരാഞ്ജലി

D:-ആധരാജ്ഞലി

Correct Answer:- Option-A

Question72:-'All that glitters is not gold' എന്ന ഇംഗ്ലീഷ് പഴഞ്ചൊല്ലിന് സമാനമായ മലയാളപഴഞ്ചൊല്ല് ഏത്?

A:-അഴകുള്ള ചക്കയിൽ ചുളയില്ല

B:-മിന്നുന്നതെല്ലാം പൊന്നല്ല

C:-പഴഞ്ചൊല്ലിൽ പതിരില്ല

D:-ഏട്ടിലെ പശു പുല്ല് തിന്നുകയില്ല

Correct Answer:- Option-B

Question73:-കൂട്ടത്തിൽ ചേരാത്ത പദമേത്?

A:-ദ്രൗപദി

B:-ഗാന്ധാരി

C:-വൈദേഹി

D:-അവന്തി

Correct Answer:- Option-D

Question74:-ഉചിതമായ പദം തെരഞ്ഞെടുത്ത് പൂരിപ്പിക്കുക
മാതൃക - മധുരം - മാധുര്യം
കലുഷം - _________

A:-കലുഷിതം

B:-കാലുഷ്യം

C:-കലിപ്പ്

D:-കാലുഷികം

Correct Answer:- Option-B

Question75:-'രഹിതം' എന്ന പദത്തിൻറെ വിപരീതപദമേത്?

A:-വ്യവഹിതം

B:-അവഹിതം

C:-സഹിതം

D:-നിരഹിതം

Correct Answer:- Option-C

Question76:-'ചെമ്പു തെളിയുക' എന്ന ശൈലിയുടെ ശരിയായ അർത്ഥമെന്ത്?

A:-അകത്തുള്ളത് പുറത്ത് വരുക

B:-ചെമ്പ് നന്നായി കാണാൻ സാധിക്കുക

C:-നന്നായി അഭിനയിക്കുക

D:-കാപട്യം പുറത്തു വരുക

Correct Answer:- Option-D

Question77:-താഴെ തന്നിട്ടുള്ളവയിൽ പൂജകബഹുവചനപദം ഏത്?

A:-പണിക്കർ

B:-പണിക്കാർ

C:-പണിക്കാരന്മാർ

D:-പണിക്കർമാർ

Correct Answer:- Option-A

Question78:-എതിർലിംഗപദം എഴുതുക
വിദ്വാൻ - ______________

A:-വിദ്വത്തി

B:-വിദ്വാനി

C:-വിദുഷി

D:-വിദ്വേഷി

Correct Answer:- Option-C

Question79:-'താമര' എന്ന വാക്കിൻറെ പര്യായപദം അല്ലാത്തതേത്?

A:-സിരസിജം

B:-തോയജം

C:-സരോജം

D:-സഹജം

Correct Answer:- Option-D

Question80:-ചേർത്തെഴുതുക
പെരും + പറ =

A:-പെരുമ്പറ

B:-പെരുപ്പറ

C:-പെരുംപറ

D:-പെരുംമ്പറ

Correct Answer:- Option-A

Question81:-ശരീരവലുപ്പം അടിസ്ഥാനമാക്കിയാൽ, തേനീച്ചക്കോളനിയിലെ ഏറ്റവും വലിയ അംഗം ഏതാണ്?

A:-റാണി

B:-വർക്കർ

C:-ഡ്രോൺ

D:-സോൾജിയർ

Correct Answer:- Option-A

Question82:-കോളനിയുടെ ഐക്യം നിലനിർത്തുന്നത് ഏത് ഫെറോമോൺ ആണ്?

A:-റാണിയുടെ ഡ്യൂഫോർ ഗ്രന്ഥി ഫെറോമോൺ

B:-ടെർഗൽ ഗ്രന്ഥി ഫെറോമോൺ

C:-റാണിയുടെ മാൻഡിബുലാർ ഫെറോമോൺ

D:-റാണിയുടെ ടാർസൽ ഫെറോമോൺ

Correct Answer:- Option-C

Question83:-തേനീച്ചക്കോളനിയിൽ തേനീച്ചകൾ വിഭജിക്കപ്പെടുന്ന സ്വാഭാവിക പ്രക്രിയയെ ____________ എന്ന് വിളിക്കുന്നു.

A:-സൂപ്പർസീഡർ

B:-റോബിംഗ്

C:-സ്വാമിംഗ്

D:-അബ്സ്കോണ്ടിംഗ്

Correct Answer:- Option-C

Question84:-
തൊഴിലാളി തേനീച്ച വയലിൽ നിന്ന് പൂമ്പൊടി തൻറെ _______________ൽ വെച്ച് കൂട്ടിലേക്ക് കൊണ്ടുവരുന്നു.

A:-മുൻകാലിൽ

B:-പിൻകാലിൽ

C:-നടുകാലിൽ

D:-നടുകാലിലും പിൻകാലിലും

Correct Answer:- Option-B

Question85:-തേനീച്ചയുടെ പ്രോട്ടീൻറെ പ്രാഥമിക ഉറവിടം ഏതാണ്?

A:-പൂന്തേൻ

B:-വെള്ളം

C:-പ്രോപോളിസ്

D:-പൂമ്പൊടി

Correct Answer:- Option-D

Question86:-ദീർഘകാലത്തേക്ക് തേനീച്ചകൾക്ക് ആവശ്യമായ തീറ്റ (പൂമ്പൊടിയും തേനും) ലഭ്യമാക്കുന്നതിൻറെ അടിസ്ഥാനം എന്ത് നട്ടുപിടിപ്പിക്കലാണ്?

A:-വാർഷിക വിളകൾ

B:-കാലാനുസൃതമായ മരങ്ങൾ

C:-അലങ്കാര സസ്യങ്ങൾ

D:-ഇലച്ചെടികൾ

Correct Answer:- Option-B

Question87:-ഇറ്റാലിയൻ തേനീച്ചകളെ വളർത്താൻ ഉപയോഗിക്കുന്ന കൂടുകൾ ഏവ?

A:-ന്യൂട്ടൻ ഹൈവ്

B:-ISI ഹൈവ്

C:-ലാങ്സ്ട്രോത്ത് ഹൈവ്

D:-ജിയോലിക്കോട്ട് ഹൈവ്

Correct Answer:- Option-C

Question88:-തേനീച്ചകളെ ശാന്തമാക്കാൻ ഉപയോഗിക്കുന്ന ഉപകരണം ഏതാണ്?

A:-ബീ സ്മോക്കർ

B:-ക്വീൻ ഗേറ്റ്

C:-പോളൻ ട്രാപ്പ്

D:-ഡ്രോൺ ട്രാപ്പ്

Correct Answer:- Option-A

Question89:-തേനീച്ചകൾക്ക് നേരിയ വൈദ്യുതാഘാതം ഏൽപ്പിക്കുന്നത് ______________ ശേഖരിക്കുന്നതിന് വേണ്ടിയാണ്.

A:-തേൻ

B:-തേനീച്ചമെഴുക്

C:-തേനീച്ചവിഷം

D:-പൂമ്പൊടി

Correct Answer:- Option-C

Question90:-കടന്നലുകളും മെഴുകുപുഴുക്കളും തേനീച്ചക്കൂടിനുള്ളിൽ പ്രവേശിക്കുന്നത് തടയുന്ന ഉപകരണം

A:-ക്വീൻ എക്സ്ക്ലൂഡർ

B:-ക്വീൻ ഗേറ്റ്

C:-ഡമ്മി ഡിവിഷൻ ബോർഡ്

D:-ഹൈവ് ഉപകരണം

Correct Answer:- Option-B

Question91:-തേനീച്ച സ്പെയ്സ് ആശയം മുന്നോട്ടുവച്ചത്

A:-ഫ്രാൻസ് വോൺ ഹ്രഷ്ക

B:-ഇ.സി. പോർട്ടർ

C:-എൽ.എൽ. ലാങ്സ്റ്റോത്ത്

D:-ജോഹന്നാസ് മെറിംഗ്

Correct Answer:- Option-C

Question92:-ഇന്ത്യൻ തേനീച്ച ഏത് മെഴുക് ഉപയോഗിച്ചാണ് അട നിർമ്മിക്കുന്നത്?

A:-ശരീരത്തിൽ നിന്ന് ശേഖരിച്ചത്

B:-സസ്യങ്ങളിൽ നിന്ന് ശേഖരിച്ചത്

C:-പെട്രോളിയം ഉൽപ്പന്നങ്ങളിൽ നിന്ന് ശേഖരിച്ചത്

D:-തേനീച്ച കോളനിക്ക് കൃത്രിമമായി നൽകുന്നത്

Correct Answer:- Option-A

Question93:-കുത്താത്ത തേനീച്ച ഏതാണ്?

A:-ഇന്ത്യൻ തേനീച്ച

B:-ഡാമർ തേനീച്ച

C:-ഇറ്റാലിയൻ തേനീച്ച

D:-വൻ തേനീച്ച

Correct Answer:- Option-B

Question94:-തേനീച്ചയുടെ രാജ്ഞി അറ എങ്ങനെതിരിച്ചറിയപ്പെടുന്നു?

A:-തൂങ്ങിക്കിടക്കുന്ന അറകൾ

B:-സാധാരണ സെൽ-ക്യാപ്പുള്ള അറകൾ

C:-മുങ്ങിയ സെൽ-ക്യാപ്പുള്ള അറകൾ

D:-ഉയർന്ന സെൽ-ക്യാപ്പും പിൻ-ഹോൾ സുഷിരവുമുള്ള അറകൾ

Correct Answer:- Option-A

Question95:-എഫ്എസ്എസ്എഐ നിശ്ചയിച്ച തേനിലെ ഈർപ്പത്തിൻറെ പരമാവധി പരിധി എന്താണ്?

A:-24%

B:-30%

C:-20%

D:-22%

Correct Answer:- Option-C

Question96:-തേനീച്ചകളെ ബാധിക്കുന്ന ബാക്ടീരിയ, വൈറസ്, ഫംഗസ്, പ്രോട്ടോസോവ എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളിൽ, താഴെ പറയുന്നവയിൽ ഏതാണ് വൈറസ് മൂലമുണ്ടാകുന്ന രോഗം?

A:-നോസെമ രോഗം

B:-തായ് സാക് ബ്രൂഡ്

C:-സ്റ്റോൺ ബ്രൂഡ്

D:-യൂറോപ്യൻ ഫൗൾ ബ്രൂഡ്

Correct Answer:- Option-B

Question97:-കേരളത്തിലെ തേനീച്ച വളർത്തലിൻറെ പ്രധാന ഭീഷണി

A:-അമേരിക്കൻ ഫൗൾ ബ്രൂഡ്

B:-തായ് സാക്  ബ്രൂഡ്

C:-യൂറോപ്യൻ ഫൗൾ  ബ്രൂഡ്

D:-നോസെമ രോഗം

Correct Answer:- Option-B

Question98:-തേനീച്ചയുടെ ഏറ്റവും വലിയ ശത്രു

A:-ടെർമിറ്റ്

B:-ട്രക്കിയൽ മൈറ്റ്

C:-വാസ്പ്

D:-വാറോവ മൈറ്റ്

Correct Answer:- Option-D

Question99:-കുത്താത്ത തേനീച്ചയുടെ ശാസ്ത്രീയ നാമം

A:-ആപിസ് ഫ്ലോറിയ

B:-ടെട്രഗോണല ഇറിഡിപെന്നിസ്

C:-വെസ്പ സിങ്ക്റ്റ

D:-എൻകാർസിയ സ്പീഷിസ്

Correct Answer:- Option-B

Question100:-ഇന്ത്യയിലെ ശാസ്ത്രീയ തേനീച്ച വളർത്തലിൻറെ സമഗ്ര വികസനത്തിനായുള്ള ഉന്നത നോഡൽ ഏജൻസി

A:-ദേശീയ തേനീച്ച വളർത്തൽ, തേൻ ദൗത്യം (NBHM)

B:-കേന്ദ്ര തേനീച്ച ഗവേഷണ പരിശീലന സ്ഥാപനം (CBRTI)

C:-ദേശീയ തേനീച്ച ബോർഡ് (NBB)

D:-ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ICAR)

Correct Answer:- Option-C